*Uncorrected/Not for publication*

*24-06-2026*
*Ruling - adherence to the time limit*

**റൂളിങ്**

<u>അംഗങ്ങൾ സമയക്ലിപ്തത പാലിക്കുന്നത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: നിയമസഭാ സാമാജികർക്കായി 2026 ജൂൺ 17, 18 തീയതികളിൽ നടത്തിയ ശിൽപശാലയിൽ അംഗങ്ങൾ പ്രസംഗിക്കുമ്പോൾ സഭയിൽ സമയക്ലിപ്തത പാലിക്കേണ്ടതാണെന്ന നിർദേശം മുന്നോട്ട് വച്ചിരുന്നു. സഭ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി തേടുമ്പോഴും വാക്കൗട്ട് പ്രസംഗം നടത്തുമ്പോഴും സബ്മിഷൻ അവതരിപ്പിക്കുമ്പോഴും ചർച്ചകളിൽ പങ്കെടുക്കുമ്പോഴും സമയക്ലിപ്തത പാലിക്കാത്തതുമൂലം സഭാനടപടികൾ അനിശ്ചിതമായി നീളുന്ന സാഹചര്യമുണ്ടാകുന്നു. ആയതിനാൽ സഭ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കുന്ന അംഗം അതിനായി പത്ത് മിനിറ്റിലധികം സമയം വിനിയോഗിക്കരുതെന്നും വാക്കൗട്ട് പ്രസംഗം നടത്തുന്ന പ്രതിപക്ഷത്തെ ആദ്യത്തെ അംഗം അതിനായി പത്ത് മിനിറ്റിലധികം വിനിയോഗിക്കരുതെന്നും ചെയർ നിർദേശിക്കുന്നു. ഇതുപോലെ തന്നെ സബ്മിഷന്റെ അവതരണത്തിനും മറുപടിക്കുമായി പരമാവധി നാല് മിനിറ്റ് സമയം മാത്രമേ അനുവദിക്കൂ. ചർച്ചകളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന സമയം അവസാനിക്കുന്നതിന് ഒരു മിനിറ്റ് മുമ്പ് ആദ്യ ബെൽ മുഴങ്ങുമ്പോൾ തന്നെ അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ പ്രസംഗം അവസാനിപ്പിക്കുവാൻ അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാരുടെയും എല്ലാ അംഗങ്ങളുടെയും സഹകരണം അഭ്യർഥിക്കുന്നു.